വിദ്യാലയത്തിന്റെ പേര് : എടക്കാനം.എൽ.പി.സ്കൂൾ

വിലാസം : എടക്കാനം, കീഴൂർ.പോസ്റ്റ്, ഇരിട്ടി,670703. പിൻ.

വിദ്യാഭ്യാസ ഉപജില്ല : ഇരിട്ടി

ബി.ആർ.സി. : ഇരിട്ടി

സി.ആർ.സി. : ഉളിയിൽ

റവന്യൂ ജില്ല : കണ്ണൂർ

## ആമുഖം :

ഇരിട്ടി നഗരസഭയിൽ എടക്കാനം എന്ന ഗ്രാമത്തിലാണ് വിദ്യാലയം. പ്രകൃതി രമണീയമായ, ശാന്തമായ നല്ലൊരു ഗ്രാമപ്രദേശമാണിത്. ഗ്രാമത്തിന്റെ ഓരംപറ്റി ഒഴുകുന്ന ഇരിട്ടിപുഴ സ്വച്ഛശീതളിമായാർന്ന അന്തരീക്ഷത്തിൽ ഗ്രാമത്തെ ഹരിതാഭമാക്കുന്നു. പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാൻ വേണ്ടിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ പ്രധാനമായും ശ്രമിക്കുന്നത്. മലയാള ഭാഷ ലളിതവും പ്രായോഗികവുമാക്കുന്നതിനും ഇംഗ്ലീഷ് ഭാഷ മടികൂടാതെ ഉപയോഗിക്കുന്നതിനും കുട്ടികളുടെ കായിക ക്ഷമതയും മാനസിക ഉല്ലാസം വർദ്ധിപ്പിക്കുന്നതിനും സ്കൂളിന്റെ ചുറ്റുപാട് പ്രകൃതി രമണീയമാക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ടാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ നിങ്ങളുടെ സമക്ഷം അവതരിപ്പിക്കുന്നത്.

# <u>ലക്ഷ്യങ്ങൾ</u>

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരി പ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
3. എൽ.കെ.ജി. മുതൽ അഞ്ചാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യ പദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും, അവ സമയ ബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
4. അധ്യാപനവും, അധ്യയനവും സർഗ്ഗാത്മകവും രസകരവു മാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# മലയാള ഭാഷ

<u>പ്രവർത്തനം ഒന്ന് : വായന ചങ്ങാത്തം</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. സർഗ്ഗശേഷികൾ വേദികളിൽ മടികൂടാതെ അവതരിപ്പിക്കൽ. | പുസ്തക പരിചയം, ലഘു പുസ്തകങ്ങൾ വായന, വായനാക്കുറിപ്പ് തയ്യാറാക്കൽ, വായിച്ച് അവതരിപ്പിക്കൽ. | ജൂൺ, ജൂലൈ, ആഗസ്റ്റ്. | എസ്. ആർ. ജി. | ഇല്ല |

<u>പ്രവർത്തനം രണ്ട് :-</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാനുഭവ-ങ്ങളെ പുതിയ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റൽ | വായിച്ച കഥ, കവിത, ലേഖനങ്ങൾ എന്നിവ മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റൽ. നാടകം, ചിത്രകഥ, വായന കാർഡ് നിർമ്മാണം സ്കിറ്റ്, പി.ടി.എ. യിൽ അവതരിപ്പിക്കൽ. | ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ. | എസ്. ആർ. ജി. | ഇല്ല |

# ഇംഗ്ലീഷ് ഭാഷ

പ്രവർത്തനത്തിന്റെ പേര് : Walk with English

**മേഖല : ഇംഗ്ലീഷ് ഭാഷ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മടികൂടാതെ ഇംഗ്ലീഷ് സംസാരിക്കുവാനുള്ള കഴിവ് ഉണ്ടാക്കൽ. | Hello Guys, Class Interaction, Home Interaction, My Hobby, My Book. | ജൂൺ, ജൂലൈ, ആഗസ്റ്റ്. | എസ്. ആർ. ജി. പി. ടി.എ. | ഇല്ല |

പ്രവർത്തനം : രണ്ട്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായി ഇംഗ്ലീഷിൽ സംസാരിക്കു-വാനുള്ള കഴിവ് നേടൽ. | ആഴ്ചയിൽ സ്കൂളിൽ ഉപയോഗിക്കു-വാനുള്ള അഞ്ച് കമാൻഡ്സ് നൽകുന്നു. അവ നിരന്തരമായി ഉപയോഗിക്കുന്നു. ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് പ്രയർ, പ്ലഡ്ജ്, സ്പീച്ച്. | സെപ്റ്റംബർ, ഒക്ടോബർ നവംബർ ഡിസംബർ | എസ്. ആർ. ജി. | ഇല്ല |

# കായിക വിദ്യാഭ്യാസം

ഉപമേഖല : പാഠ്യേതര പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക ക്ഷമതയുള്ള കുട്ടികളെ വാർത്തെടുക്കൽ. | നാടൻ കളികളായ കുട്ടിയും കോലും, തലപ്പന്തുകളി ,തൂവാല കളി, വെണ്ണ വാരൽ കളി, കബഡി, ചരട് തുള്ളൽ, പൂപ്പറിക്കാൻ പോരുമോ തുടങ്ങിയ കളികളിൽ ഏർപ്പെടൽ. | ഒക്ടോബർ, നവംബർ, ഡിസംബർ. | എസ്. ആർ.ജി. | ഇല്ല |

## ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ. | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രൂപത്തിൽ പച്ചക്കറി തോട്ടം നിർമ്മിക്കൽ . സ്കൂളിന് പുറകുവശം വാഴ,പപ്പായ, മുരിങ്ങ, വഴുതിന, പച്ചമുളക്, മത്തൻ,കുമ്പളം തുടങ്ങിയവ കൃഷി ചെയ്യുക. | ജൂലൈ മുതൽ ഡിസംബർ വരെ. | എസ്. ആർ. ജി. പി.ടി. എ. | പി. ടി. എ. |